**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 461 — 30.06.2014-ൽ മറുപടിക്ക്

## പരമ്പരാഗത മത്സ്യബന്ധന രീതികൾ നിലനിർത്തുന്നതിന് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. രാജു<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ. ഇ.കെ. വിജയൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യലഭ്യത കുറഞ്ഞതോടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിലായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യലഭ്യത ഉറപ്പുവരുത്തുന്നതിനും, മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും, പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനു വേണ്ടി കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു.<br>മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിന് വേണ്ടി മത്സ്യഫെഡ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നു.<br>ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി, മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, മത്സ്യലേലം വർദ്ധിപ്പിക്കുന്നതിന് പ്രവർത്തന മൂലധനം, മത്സ്യത്തൊഴിലാളി പുരുഷൻമാർക്ക് മത്സ്യ വിപണനം നടത്തുന്നതിനുള്ള ഇരുചക്രവാഹനം പ്രവർത്തന മൂലധനം, നാടൻ വള്ളങ്ങൾ നവീകരിക്കുന്നതിന് സബ്സിഡി, മത്സ്യബന്ധന വലകൾ വാങ്ങുന്നതിന് ധനസഹായം, ധനകാര്യ ഏജൻസികളിൽ നിന്നും ബാങ്കുകളിൽ നിന്നും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി, NBCFDC/NMDFC എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ |

| | | | |
|---|---|---|---|
| | | | ധനസഹായത്തോടു കൂടിയുള്ള ടേം വായ്പകൾ, മൈക്രോ ഫൈനാൻസ് വായ്പ എന്നിവയാണ് പ്രധാന പദ്ധതികൾ. |
| (ബി) | പരമ്പരാഗത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതികൾ നിലനിർത്തുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 കുതിര ശക്തിയ്ക്ക് താഴെയുള്ള എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾക്ക് മത്സ്യബന്ധന വലകൾ വാങ്ങുന്നതിന് 6000/- രൂപ വരെ സബ്സിഡി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ